ഭവന നിർമ്മാണ ബോർഡിനുവേണ്ടി ആകയർ ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലം

*340. [366] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിനുവേണ്ടി ഈ വർഷം എത്ര ഏക്കർ സ്ഥലം ആകയർ ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ബി) ഓരോ ജില്ലയിലും എത്ര ഏക്കർ സ്ഥലം വീതമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനുവേണ്ടി ഈ വർഷം (1986-87) 335.10 ഹെക്ടർ സ്ഥലം ആകയർ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി)

കാസർഗോഡ്	1.60	ഹെക്ടർ
കണ്ണൂർ	14.00	,,
കോട്ടയം	10.50	,,
തിരുവനന്തപുരം	62.00	,,
കൊല്ലം	12.00	,,
എറണാകുളം	128.00	,,
ഇടുക്കി	8.50	,,
തൃശ്ശൂർ	23.50	,,
മലപ്പുറം	4.00	,,
കോഴിക്കോട്	13.00	,,
പത്തനംതിട്ട	18.00	,,
ആലപ്പുഴ	20.00	,,

കയർ വ്യവസായ പുനഃസംഘടനാ പദ്ധതി

*341. [367] ശ്രീ. വി. കേശവൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, സി. കെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ പുനഃസംഘടനാ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏഴാം പദ്ധതിയിൽ എന്ത് തുകയാണ് പ്രസ്തുത ആവശ്യത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly